DESPATCHED
On...29/06/2020
17-3-20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 3140*(7)/2014*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *19589/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.എം. രാധാകൃഷ്ണൻ നായർ**
**ഉത്തര,9–അശ്വതി ഗാർഡൻസ്**
**അമ്പലത്തറ, പൂന്തുറ പി.ഒ**
**തിരുവനന്തപുരം –695026** } **പരാതി ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**നിയമ വകുപ്പ്**
**ഗവൺമെന്റ് സെക്രട്ടറിയറ്റ്**
**തിരുവനന്തപുരം**

2. **അപ്പീൽ അധികാരി ആന്റ്**
**സ്പെഷ്യൽ സെക്രട്ടറി**
**നിയമ വകുപ്പ്**
**ഗവൺമെന്റ് സെക്രട്ടറിയറ്റ്**
**തിരുവനന്തപുരം** } **എതിർകക്ഷികൾ**

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിയമ/ധനകാര്യ/പൊതുഭരണ വകുപ്പിലെ എല്ലാ സെക്ഷനുകളിലും അനൗദ്യോഗിക കുറിപ്പ് നൽകിയിരുന്നെങ്കിലും ഫയൽ /ഡിസ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ലെന്നാണ്.

3. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് 30.10.2019ന് നടക്കുന്ന ഹിയറിംഗിൽ പങ്കെടുക്കാൻ

21.10.2019ന് രണ്ടാം എതിർകക്ഷിക്ക് കത്ത് നൽകുകയും ടിയാൻ ഹാജരാകുകയും സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത ഫയൽ നിയമവകുപ്പിൽ കണ്ടെത്താൻ കഴിയാത്തതിനാലാണ് മറുപടി നൽകാൻ കഴിയാത്തതെന്നും ബഹു.സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ 18.01.2018 ലെ ഉത്തരവിനെത്തുടർന്ന് വിശദമായ തെരച്ചിൽ നടത്തിയെങ്കിലും 1998, 1999 ലെയും ഈ ഫയലുകൾ സംബന്ധിച്ച ഡിസ്പോസൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, ടി ഫയലിനായി ഊർജ്ജിത അന്വേഷണം നടത്തി കണ്ടെത്താനായി, നിയമവകുപ്പിലെ മറ്റ് സെക്ഷനുകളിലും, ഗവൺമെന്റ് സെക്രട്ടറിയറ്റിലെ മറ്റ് വകുപ്പുകൾക്കും നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ ഫയൽ കണ്ടെത്താൻ സാധിച്ചില്ലെന്നും ഇപ്പോഴും ടി ഫയൽ കണ്ടെത്താനുള്ള എല്ലാ പരിശ്രമവും നടത്തി വരികയാണെന്നും ആയത് ലഭ്യമായാൽ അപേക്ഷകന് നോട്ട്ഫയലിന്റെ കോപ്പി ലഭ്യമാക്കുന്ന തുമാണെന്നാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട ഫയലുകളും റിപ്പോർട്ടും പരിശോധിച്ചതിൽ ടി ഫയൽ കണ്ടെത്താനായി എതിർകക്ഷി നടത്തിയ ശ്രമങ്ങൾ കമ്മീഷൻ അംഗീകരിക്കുന്നു എങ്കിലും 15 ദിവസം കൂടി അധികസമയം നൽകുന്നു വെന്നും ഫയൽ കണ്ടെത്താൻ ഒരു ശ്രമം കൂടി നടത്തണമെന്നും ആയത് ലഭിച്ചാൽ കമ്മീഷനിലും ഹർജിക്കാരനും നൽകണമെന്നും കമ്മീഷൻ നിർദ്ദേശത്തോടെ ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**



res